# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1992 — 26-03-2013-ൽ മറുപടിക്ക്

### അധികവൈദ്യുതിചാർജ് ഈടാക്കിയതായുള്ള പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഉപയോഗിച്ചതിനേക്കാൾ കൂടുതൽ വൈദ്യുതി ചാർജ് ഏതെങ്കിലും ഉപഭോക്താവിൽ നിന്ന് ഈടാക്കിയതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;; | (എ) & (ബി) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ഇത്തരം പരാതികൾ ലഭിക്കാറുണ്ട്. സാധാരണയായി ഇത്തരത്തിലുള്ള പരാതി ലഭിച്ചാൽ മീറ്റർ സംബന്ധിച്ച പരാതിയാണോ, ബില്ലിംഗ് സംബന്ധിച്ച പരാതിയാണോ എന്ന് പരിശോധിക്കുകയും അധിക തുക ഉപഭോക്താവിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ തുടർന്ന് വരുന്ന ബില്ലുകളിൽ അത് കുറവ് ചെയ്തു കൊടുക്കുന്നുമുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങളും പ്രസ്തുത പരാതികളിന്മേൽ സ്വീകരിക്കപ്പെട്ട നടപടികളും വ്യക്തമാക്കുമോ? | സമീപ കാലത്ത് തിരുവനന്തപുരം അർബൻ ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ വരുന്ന ശ്രീവരാഹം ഇലക്ട്രിക്കൽ സെക്ഷനിലെ 1291 കൺസ്യൂമർ നമ്പരിലുള്ള ഉപഭോക്താവിന് ഉപയോഗിച്ചതിനേക്കാൾ കൂടിയ വൈദ്യുതി ബില്ല് നൽകിയതായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. ശിവൻകുട്ടിയിൽ നിന്ന് ഒരു പരാതി ലഭിച്ചിരുന്നു. പ്രസ്തുത ഉപഭോക്താവിന്റെ മീറ്റർ കേടാണെന്ന മുൻ പരാതി പരിഗണിച്ച് 09.01.2013 ൽ പഴയ മീറ്റർ മാറ്റി പുതിയ മീറ്റർ സ്ഥാപിച്ചിരുന്നു. TOD ഇനത്തിൽപ്പെട്ട മീറ്ററാണ് ഉപഭോക്താവിന് സ്ഥാപിച്ചത്. TOD മീറ്ററിന് മൂന്ന് സോണുകളിലെ |

ഉപഭോഗവും കൂടി ചേർത്താണ് ബില്ല് നൽകേണ്ടിയിരുന്നത്. എന്നാൽ മീറ്റർറീഡറുടെ ശ്രദ്ധക്കുറവ് മൂലം മൂന്ന് സോണുകളിലെ റീഡിംഗുകൾ കൂട്ടി കിട്ടുന്ന 959 യൂണിറ്റിന് പകരം 389 യൂണിറ്റ് മാത്രം കണക്കിലെടുത്ത് 1,461/- രൂപയുടെ ബില്ലാണ് 05.03.2013 ന് നൽകിയിരുന്നത്. ഈ പിശക് ശ്രദ്ധയിൽപ്പെട്ട ശേഷം 14.03.2013 ൽ ബാക്കിയുള്ള 570 യൂണിറ്റിന് ഒടുക്കേണ്ട തുകയായ 6,775 രൂപയുടെ ബില്ലും നൽകുകയുണ്ടായി.

സെക്ഷൻ ഓഫീസർ